നമ്പർ ഇഇ(2) 2044/2012(1).

# കേരള സർക്കാർ
## കൃഷി വകുപ്പ്

### ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് ഉത്തര മേഖല കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, താഴെ പറയുന്ന പ്രവർത്തികൾക്ക് പമ്പ് സെറ്റ്/ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം നിർമ്മാതാക്കൾ, അംഗീകൃത വിതരണക്കാർ, ജലസേചന പമ്പുകൾ/ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം വിതരണം ചെയ്ത് സ്ഥാപിക്കുന്നതിൽ പരിചയ സമ്പന്നരായ ഏജൻസികൾ തുടങ്ങിയവരിൽ നിന്നും മത്സര സ്വഭാവമുള്ള, പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ്സുകൾ 28.09.2012ന് പകൽ മൂന്നുമണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 മണിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയൊ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതുഒഴിവ് പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ. | ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേര് | നിരത ദ്രവ്യം രൂ. | ദർഘാസ് പ്രമാണ ത്തിന്റെ വില രൂപ. | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|---|
| 1. | ഇഇ(2) 2044/12(1) | **കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷി തോട്ടത്തിൽ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം വിതരണം ചെയ്ത് സ്ഥാപിക്കൽ** | ക്വോട്ടു ചെയ്യുന്ന തുകയുടെ 1% | **600+ നികുതി** | 2 മാസം |
| 1. | ഇഇ(2) 2044/12(3) | **കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷി തോട്ടത്തിൽ 40എച്ച്.പി ഇലക്ട്രിക് മോട്ടോർ പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കൽ** | ക്വോട്ടു ചെയ്യുന്ന തുകയുടെ 1% | **1900+ നികുതി** | 6 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 28.09.2012 ഉച്ചയ്ക്ക് 1 മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില പണമായി അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞവർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കോഴിക്കോടിന്റെ പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് ഏണസ്റ്റ് മണി ഡെപ്പോസിറ്റായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ ജോലിക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ 100 രൂപ മുദ്രപത്രത്തിൽ ഒരു പ്രിലിമിനറി എഗ്രിമെന്റ് കൂടി വെക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഇതിനും ബാധകമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)
കേരളാ ഗവർണ്ണർക്കു വേണ്ടി.

**കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ,
റീജിനൽ ഓഫീസ്, പുതിയറ. പി.ഒ.,
കോഴിക്കോട്-4.** തീയതി: 14-08-2012.